(ബി) ഏതു തീയതി മുതൽ ഇവിടെ എത്രപേരെ കിടത്തി ചികിത്സിച്ചിരുന്നു എന്നും എന്നുമുതലാണ് കിടത്തി ചികിത്സ നിർത്തിവച്ചിട്ടുള്ളത് എന്നും കിടത്തി ചികിത്സ നിറുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) ഈ പി. എച്ച്. സെന്ററിൽ ദിവസം പ്രതി എത്ര ഔട്ട് പേഷ്യൻസ് ചികിത്സയ്ക്കായി വരുന്നുവെന്നും ഈ ആശുപത്രിയിൽ എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സ്ഥലസൗകര്യമുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പി. എച്ച്. സെന്ററിൽ എത്രയും വേഗം കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുമാരപുരം (കുന്നത്തുനാട്) പി.എച്ച്.സി.-യിൽ 16 പേരെ കിടത്തി ചികിത്സിക്കുവാനുള്ള അനുമതിയാണ് ഉള്ളത്. 18-3-1980 മുതൽ ഇതിനാവശ്യമുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചു.

(ബി) കുമാരപുരം സർക്കാർ ഡിസ്പെൻസറി ആയിരുന്ന 1980 മുതൽ 16 രോഗികളെ കിടത്തി ചികിത്സിച്ചിരുന്നു. 1997 സെപ്തംബറിൽ അന്നു സർവ്വീസിലുണ്ടായിരുന്ന ഡോക്ടർ ഉപരിപഠനത്തിനു പോയപ്പോൾ നിറുത്തി വച്ചു. തുടർന്ന് 1-8-2000-ൽ കിടത്തി ചികിത്സ പുനരാരംഭിക്കുകയും 4-11-2001-ൽ നിർത്തിവയ്ക്കുകയും ചെയ്തു. പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ തസ്തിക മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ഒരു അധിക തസ്തിക കൂടി സൃഷ്ടിച്ചാൽ മാത്രമേ കിടത്തി ചികിത്സ പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) ഈ പി.എച്ച്.സി.-യിൽ 150 രോഗികൾ പ്രതിദിനം ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി വരുന്നുണ്ട്. നിലവിൽ 16 കിടക്കകളുടെ അനുമതിയാണുള്ളത്. 10 കിടക്കകളുടെ സൗകര്യമുള്ള ഒരു വാർഡുകൂടി പണിതീർത്തിട്ടുണ്ട്.

(ഡി) ഒരു ഡോക്ടറുടെ തസ്തിക കൂടി അനുവദിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

മനോരോഗ ചികിത്സയ്ക്ക് സൗകര്യമുള്ള ആശുപത്രികൾ

112 (2241) ശ്രീ. എൻ. ശക്തൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ആശുപത്രികളിൽ ഇപ്പോൾ മനോരോഗ ചികിത്സയ്ക്കുള്ള സൗകര്യമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൂടുതൽ ആശുപത്രികളിൽ മനോരോഗ ചികിത്സയ്ക്കുള്ള സൗകര്യമുണ്ടാക്കാൻ പരിപാടികളുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലും, 14 ജില്ലാ ആശുപത്രികളിലും മാനസികരോഗ ചികിത്സാ സംവിധാനം നിലവിലുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിലും ഈ സൗകര്യം നിലവിലുണ്ട്.

(ബി) സർക്കാരിന്റെ മാനസികാരോഗ്യ നയം അനുസരിച്ച് പ്രാഥമിക തലം വരെ മാനസികരോഗ ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി നടപ്പ് വർഷം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 15 താലൂക്ക് ആശുപത്രികളിൽ മാനസികരോഗ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിന് കേന്ദ്ര സഹായത്തോടെ വികസന പദ്ധതികൾ

113 (2242) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായത്തോടെ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി പുതിയ വാർഡുകൾ പണിയുന്നതിനും, പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും മാനസിക രോഗികളുടെ പുനരധിവാസത്തിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, തീവ്രപരിചരണ വാർഡ് പണിയുന്നതിനും വേണ്ടി 20 ലക്ഷം രൂപയുടെ ഭരണാനുമതിയും, ഫോറൻസിക് വാർഡുകൾ, നേഴ്സസ് സ്റ്റേഷൻ, ട്രീറ്റ്മെന്റ് റൂം, പരിശോധനാമുറി, പുനരധിവാസ കേന്ദ്രം എന്നിവയുടെ നിർമ്മാണത്തിനായി 78 ലക്ഷം രൂപയുടെ ഭരണാനുമതിയും ഇതിനോടകം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly